*Week -3*

# <u>Weekly Devotions-February :2016</u>

## <u>Rock of Protection</u>

### <u>സംരക്ഷണം നൽകുന്ന ദൈവം</u>




ഉദയപ്പൂരിലുള്ള ക്ഷേത്രത്തിന് മുൻപിൽ സുവിശേഷ പ്രതികൾ വിതരണം ചെയ്യുവാൻ പോയ വിശ്വനാഥൻ , കെ.സി.ഫിലിപ്പ് ഇവരെ സുവിശേഷ വിരോധികൾ വളഞ്ഞ ഒരു സംഭവം വായിച്ചത് രേഖപ്പെടുത്തുന്നു. സുവിശേഷവിരോധികൾ ഇവരെ ക്രൂരമായി മർദ്ദിച്ചപ്പോൾ ഹിന്ദി അറിയാവുന്ന ഫിലിപ്പുസാർ വിളിച്ചു പറഞ്ഞു **"ഞാൻ മരിക്കുകയില്ല, ഞാൻ ജീവനോടെ ഇരുന്ന് യഹോവയുടെ പ്രവർത്തികളെ വർണ്ണിയ്ക്കും"** (സങ്കീ:118:17) വിശ്വനാഥൻസാർ അതേറ്റുപറഞ്ഞു. പെട്ടെന്ന് ശക്തിമാന്മാരായ ഒരു സംഘം അവിടെ എത്തി സുവിശേഷ പ്രവർത്തകർക്കു ചുറ്റും

വലയം തീർത്തു. അവരുടെ ശക്തി കണ്ട സുവിശേഷ വിരോധികൾ ഭയന്നോടി. സഹായത്തിനെത്തിയവരിൽ ഒരാൾ വിശ്വനാഥൻ സാറിനോട് ഇപ്പോൾ പോകുക, ഇവിടെ നിന്നു തന്നെ കർത്താവ് നിങ്ങൾക്ക് ആത്മാക്കളെ തരും എന്ന് പറഞ്ഞു. ഈ സംഭവം ഫിലിപ്പുസാറുമായി പങ്കുവച്ചപ്പോൾ അദ്ദേഹം പറഞ്ഞത് "നിന്റെ എല്ലാ വഴികളിലും നിന്നെ കാക്കേണ്ടതിന് അവൻ നിന്നെക്കുറിച്ച് തന്റെ ദൂതൻമാരോട് കല്പിക്കും" (സങ്കീ:91:11)

ദൈവമക്കൾക്കു ചുറ്റും എപ്പോഴും ഒരു ദൂതസംഘം സംരക്ഷണം നൽകുവാനുണ്ട് എന്ന് അനുഭവിച്ചറിഞ്ഞ വ്യക്തിയാണ് മോശ. മിസ്രേമിലെ പീഢയിൽ നിന്ന് യിസ്രായേൽ ജനത്തെ വിടുവിച്ച ദൈവത്തെ, ചെങ്കടലിന്റെ നടുവിൽകൂടി തന്റെ ജനത്തെ നടത്തിയ ദൈവസ്നേഹത്തെയും മോശ കണ്ടതാണ്. ഫറവോനും സൈന്യവും യിസ്രായേല്യരെ കാണാതിരിപ്പാൻ മുമ്പായി നടന്ന ദൈവദൂതൻ അവരുടെ പിന്നാലെ നടന്നതും, മിസ്രേമ്യർക്ക് ഇരുട്ടും അവർക്ക് വെളിച്ചവും നൽകിയ ദൈവത്തെ മോശയും, ജനവും കണ്ടതാണ്. കൂടാതെ നടുക്കടലിൽ എത്തിച്ച ശത്രുസൈന്യത്തെ തള്ളിയിട്ട്, വഴി ഒരുക്കിയ വെള്ളം കൊണ്ടുതന്നെ അവരെ മരണത്തിലേക്ക് വീഴിച്ച ദൈവത്തെയും മോശ കണ്ടതാണ്. ആ ദൈവത്തെ, സംരക്ഷകനായി കൂടെയിരുന്ന് ശത്രുവിനെ നശിപ്പിച്ച സ്വർഗ്ഗീയ പിതാവിന് മോശ നന്ദി കരേറ്റിയതാണ്. '91-ാം'സങ്കീർത്തനം.

ഇതു തന്നെയാണ് എബ്രായ ബാലന്മാരും അനുഭവിച്ചത്.സ്വന്ത ദൈവത്തെയല്ലാതെ മറ്റൊരു ദൈവത്തെയും സേവിക്കുകയോ, നമസ്ക്ക

രിക്കുകയോ ചെയ്യുകയില്ല എന്ന് ഭയമില്ലാതെ രാജകല്പന മറുത്ത് പറഞ്ഞവരെ തീച്ചൂളയിൽ ഇട്ടു. എന്നാൽ തന്റെ കുഞ്ഞുങ്ങളെ സ്വദൂതൻമാരെ അയച്ച് വിടുവിച്ചപ്പോൾ, ഈ വിധം വിടുവിപ്പാൻ കഴിയുന്ന മറ്റൊരു ദൈവം ഇല്ലെന്ന് രാജാവ് സമ്മതിച്ചു. പ്രീയരേ ! ഇത്ര വലിയ സൗഭാഗ്യകരമായ അവസ്ഥയിൽ ജീവിപ്പാൻ നമ്മെ സഹായിക്കുന്ന ഈ ദൈവത്തെ, സ്വന്തരക്ഷിതാവായി സ്വീകരിപ്പാൻ ഇനിയും താമസിക്കരുതേ.

## പ്രാർത്ഥന

ഇന്നയോളം ഞങ്ങളെ നടത്തിയ ദൈവമേ ! അങ്ങയുടെ സംരക്ഷണത്തിനായി സ്തോത്രം. ഞങ്ങളുടെ സംരക്ഷകരാകുവാൻ അങ്ങയുടെ ദൂതൻമാരോട് കല്പിച്ചതിന് നന്ദി. യേശുവിൻ നാമത്തിൽ തന്നെ

ആമേൻ

Santhamma Varghese

Website : www.biblestudy.co.in

Email: biblestudy.co.in@gmail.com

Facebook: https://www.facebook.com/biblestudyind